മദ്യനയം

50(5635) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ നടപ്പിലാക്കിയ സമഗ്രമായ മദ്യനയം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

മദ്യവർജ്ജനത്തിലൂന്നി 10 വർഷംകൊണ്ട് ഘട്ടംഘട്ടമായി മദ്യനിരോധനം എന്നതാണ് സർക്കാർ മദ്യനയം. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ മദ്യപാനശീലത്തെ പ്രോത്സാഹിപ്പിക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേരളീയ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽനിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. മദ്യത്തിന്റെ ഉല്പാദനവും ലഭ്യതയും കുറയ്ക്കുന്നതിന് അനവധി പദ്ധതികൾ സ്വീകരിച്ചുവെങ്കിലും, മദ്യം കേരളത്തിന്റെ സാമൂഹ്യ വിപത്തായി തുടരുകയാണ് എന്ന് ബോധ്യപ്പെട്ടുകയുണ്ടായി. ഇതിനെ തുടർന്നാണ് മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ "മദ്യരഹിത കേരളം" എന്ന മഹത്തായ ലക്ഷ്യം സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ളവയുടെ ബാർ ലൈസൻസുകൾ റദ്ദു ചെയ്യുന്നതിനും FL-1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ട് കുറയ്ക്കുന്നതിനും സർക്കാർ തീരുമാനമെടുത്തത്. ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ നിയന്ത്രണം വരുത്തി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ മദ്യം കൈവശംവച്ച് കൈകാര്യം ചെയ്യാതിരിക്കാൻവേണ്ടി കൈവശം വയ്ക്കാവുന്ന വിവിധയിനം (ബിയർ, വൈൻ, ഉൾപ്പെടെ) മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറയ്ക്കുകയും സൂര്യോദയം മുതൽ അർദ്ധരാത്രി വരെ പ്രവർത്തിച്ചു വന്നിരുന്ന ബാർഹോട്ടലുകളുടെയും ബിയർ, വൈൻ പാർലറുകളുടെയും പ്രവർത്തനസമയം 5 മണിക്കൂർ കുറയ്ക്കുകയുണ്ടായി. യുവാക്കൾക്കിടയിലുള്ള മദ്യപാനാസക്തി നിയന്ത്രിക്കുന്നതിനായി, മദ്യം വിൽക്കുന്നതിനും വാങ്ങുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്നും 21 ആയി ഉയർത്തുകയുണ്ടായി. യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ ക്ലബുകൾ രൂപീകരിച്ചു. കൂടാതെ ദുഃഖവെള്ളിയാഴ്ചയും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനവും ഡ്രൈഡേകളായി പ്രഖ്യാപിച്ചു. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽനിന്നും മുഴുവൻ ജനങ്ങളെയും

LIBRARY ARCHIVES Kerala Legislative Assembly

ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. മദ്യത്തിൽനിന്നും ലഭിക്കുന്ന വരുമാനത്തെ സർക്കാർ ഒരു പ്രധാന റവന്യൂ വരുമാനമായി കാണുന്നില്ല. മറിച്ച് മദ്യത്തിൽനിന്നും പൊതുസമൂഹത്തെ, പ്രത്യേകിച്ച് യുവജനങ്ങളെയും വിദ്യാർത്ഥികളെയും രക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ ഇത്തരം കർശനമായ നടപടി സ്വീകരിച്ചത്.

ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ

51(5636) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ എത്ര ഔട്ട് ലെറ്റുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകളൊന്നും പുതുതായി അനുവദിച്ചിട്ടില്ല.

മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ

52(5637) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പിന് കീഴിലുള്ള ലൈസൻസ് സ്ഥാപനങ്ങളിൽകൂടി വിൽക്കുന്ന മദ്യം ഉടനടി പരിശോധന നടത്തി ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുക, കള്ള്/മദ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച്

LIBRARY ARCHIVES Kerala Legislative Assembly